**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി കിർത്താഡ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ജാതി സർട്ടിഫിക്കറ്റുകളിലൂടെ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; സമുദായ നിർണയ പഠനങ്ങളിൽ കിർത്താഡ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പട്ടികജാതി, പട്ടികവർഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരുടെ ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയും, അതുപയോഗിച്ച് ജോലി നേടിയവരാണെങ്കിൽ സർവ്വീസിൽ നിന്ന് പിരിച്ചു വിടുന്നതടക്കമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>സമുദായ നിർണ്ണയ പഠനത്തിന്റെ ഭാഗമായി വിവിധ കമ്മീഷനുകൾ, വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സംശയാസ്പദമായ പരാതികളിന്മേൽ ആരോപണ വിധേയരെക്കുറിച്ച് കിർത്താഡ്സ് വിശദമായ നരവംശശാസ്ത്ര പഠന റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഈ റിപ്പോർട്ടിൽ ആരോപണ വിധേയരുടെ മുൻതലമുറക്കാർ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ ഇവരുടെ ജാതി, വിവാഹബന്ധങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ പ്രാദേശിക അന്വേഷണം നടത്തുകയും അതിന് ഉപോൽബലകമായ തെളിവുകളും മറ്റും ശേഖരിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. |
| (ബി) | പട്ടികജാതി, പട്ടികവർഗക്കാരുടെ കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനും ഗോത്രവർഗങ്ങളുടെ അന്യംനിന്നുപോവുന്ന സാംസ്കാരിക സത്തയെ സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ പാരമ്പര്യ നൃത്തകലാരൂപങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കുവാനും, രുചിക്കൂട്ടുകളും, വനവിഭവങ്ങളും പൊതുജനങ്ങൾക്ക് ആസ്വദിക്കുവാനും, പൈതൃകമായി പകർന്ന് കിട്ടിയ വൈദ്യചികിത്സാ രീതികൾ പരിചയപ്പെടുത്തുവാനും "ഗദ്ദിക നാടൻ കലാമേള പ്രദർശന വിപണന മേള" നടത്താറുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല കലോൽസവത്തിൽ പരമ്പരാഗത നൃത്തവും, പാട്ടുകളും മത്സര ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്തുള്ള ട്രൈബൽ കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമ മാകുന്നതോടെ പരമ്പരാഗത കലാരൂപങ്ങൾക്ക് സ്ഥിരംവേദി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡ് മൂലം തൊഴിലവസരങ്ങൾ ഇല്ലാതിരുന്ന കലാകാരന്മാരെ സഹായിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ 2021-22 വർഷങ്ങളിൽ മിനിഗദ്ദികകൾ നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കലാകാരന്മാരുടെ ശില്പശാലകൾ, ഗോത്രവർഗ്ഗ കലകളെ അധികരിച്ചുള്ള അന്തർദേശീയ, ദേശീയ സെമിനാറുകൾ, നൃത്തപഠനകളരികൾ, തെയ്യം മുഖത്തെഴുത്ത് ശില്പശാലകൾ വാദ്യോപകരണങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ആദികലാകേന്ദ്രത്തിന്റെയും ഗവേഷണ-പരിശീലന വികസന പഠന വിഭാഗങ്ങളുടേയും പ്രവർത്തനങ്ങളിലൂടെ ഗവേഷണ പഠനങ്ങളും, പഠന കളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്, കൂടാതെ ഗോത്ര കലാകാരന്മാർക്കും കലാസമിതികൾക്കും ഗ്രാന്റ് നൽകുകയും, സംസ്ഥാനത്തിനകത്തും പുറത്തും നടത്തുന്ന കലാമേളകളിൽ ഇവരെ പങ്കെടുപ്പിക്കുകയും ചെയ്യാറുണ്ട്. ഇവരെ ഉൾപ്പെടുത്തി ഗോത്രകലാകാരന്മാരുടെ പേരുവിവര സൂചിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ "കാണിക്കാർ" സമുദായത്തിന്റെ പാരമ്പര്യ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ പദ്ധതി നടത്തിവരികയാണ്. |
| (സി) | പട്ടികജാതി, പട്ടികവർഗ വികസനം പരിശീലനത്തിലൂടെ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ആരോഗ്യ സംരക്ഷണം, കലാസാംസ്കാരിക ഉന്നമനം, ഭരണഘടനാ അവകാശം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പരിശീലന പ്രവർത്തനങ്ങളാണ് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നത്; വിശദമാക്കാമോ? | (സി) | ഗോത്ര മേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. പ്രീ മോഡൽ സ്കൂളുകൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ അനദ്ധ്യാപകർ എന്നിവർക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കായി വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഗോത്രവർഗ്ഗ സ്ത്രീകളുടെ സാമൂഹിക സാംസ്കാരിക സാഹചര്യത്തെക്കുറിച്ച് ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | ഊരുതലത്തിൽ ഏകദിന പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇരുളർ, പണിയർ എന്നീ വിഭാഗങ്ങളുടെ തനതുഭാഷയിൽ ലഹരി വിമുക്ത ബോധവൽക്കരണ നാടക ശില്പശാല സംഘടിപ്പിക്കുകയും ഈ നാടകം വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിലെ ഗോത്ര ജനതയുടെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ത്രിദിന ശില്പശാലയും, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കായി പ്രാഥമിക വൈദ്യ ശുശ്രൂഷ പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള നിയമങ്ങളിലും ചട്ടങ്ങളിലും അവബോധം നൽകുന്നതിനായി പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കായി നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് പരിശീലന പരിപാടി നടത്തുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ